പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2804 27/01/2014 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ്-മെഡിക്കൽ പ്രവേശനപ്പരീക്ഷാ പരിശീലനം**

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| --- | --- | --- |
| (എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ് മെഡിക്കൽ പ്രവേശനപരീക്ഷാ പരിശീലനത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; ഇതിനായി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പരിശീലനം സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ ;<br>(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത് ? | (എ) & (ബി) | സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയുടെ ഭാഗമായി VISION 2013 എന്ന പേരിൽ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും B+ ൽ കുറയാത്ത ഗ്രേഡ് നേടിയവരിൽ സയൻസ് ഗ്രൂപ്പെടുത്ത് +2 വിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് പരിശീലനം നേടുന്നതിലേയ്ക്കായി ഒരു കുട്ടിയ്ക്ക് 2 വർഷത്തേയ്ക്കും കൂടി 20,000/- രൂപ വീതം അനുവദിച്ച് വകുപ്പ് നൽകിവരുന്നുണ്ട്. എല്ലാ ജില്ലകളിലും വിദ്യാർത്ഥികൾ ഈ പദ്ധതി പ്രകാരം പഠിച്ചുവരുന്നുണ്ട്. കോച്ചിംഗിന് ചേരുന്ന സ്ഥാപനം പ്രസ്തുത കോച്ചിംഗ് നൽകുന്നതിന് പര്യാപ്തമാണ് എന്നത് സംബന്ധിച്ചുള്ള ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ മുഖാന്തിരം ഉറപ്പുവരുത്തി ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങിയ സ്ഥാപനങ്ങളിലാണ് കുട്ടികൾ കോച്ചിംഗിനായി പ്രയോജനപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ